കേരള സർക്കാർ

നം.സി2/155/2019/സാനീവ

സാമൂഹ്യനീതി(സി) വകുപ്പ്
തീയതി, തിരുവനന്തപുരം, 06/06/2019.

**സർക്കുലർ**

വിഷയം : സാമൂഹ്യനീതി വകുപ്പ് - മുതിർന്ന പൗരന്മാർ, ഗുരുതരമായി രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് സേവന കേന്ദ്രങ്ങളിലും സർക്കാർ ഓഫീസുകളിലും ക്യൂ നിൽക്കാതെ മുൻഗണനയിൽ സേവനം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. സർക്കുലർ നം.7006/സി2/2012/സാ.ക്ഷേ.വ. തീയതി 09/10/2012.
2. ഭരണപരിഷ്കാര കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 17/5/2019 ലെ 477/എ.ആർ.സി3/2019/എ.ആർ.സി.നം. അർദ്ധ ഔദ്യോഗിക കത്ത്.

സർക്കാർ ഓഫീസുകൾ നികുതി ബിൽ കൗണ്ടറുകൾ തുടങ്ങി പൊതുജനങ്ങൾ ഇടപാടുനടത്തുന്ന സ്ഥലങ്ങളിലെല്ലാം മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന നൽകണമെന്നും അവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ മതിയായ സൗകര്യങ്ങൾ എല്ലാ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഫീസുകളിലും ഏർപ്പെടുത്തുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും സൂചന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പല ഓഫീസുകളിലും ശരിയായി പാലിക്കപ്പെടുന്നില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇത് വളരെ ഗൗരവമയി കാണുകയും സർക്കാർ ഓഫീസുകൾ, നികുതി ബിൽ കൗണ്ടറുകൾ തുടങ്ങി പൊതുജനങ്ങൾ ഇടപാടു നടത്തുന്ന എല്ലാ സേവനകേന്ദ്രങ്ങളിലും മുതിർന്ന പൗരന്മാർ, ഗുരുതരമായി രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് വരി (ക്യൂ) നിൽക്കാതെ മുൻഗണനയിൽ സേവനം ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നു.

**ബിജു പ്രഭാകർ**
**സ്പെഷ്യൽ സെക്രട്ടറി**

എല്ലാ സർക്കാർ വകുപ്പ മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇതു സംബന്ധിച്ച നിർദ്ദേശം വകുപ്പുകളുടെ കീഴിലുള്ള സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികൾക്ക് അടിയന്തിരമായി നൽകേണ്ടതാണ്.)
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്, തിരുവനന്തപുരം.
സാമൂഹ്യനീതി/വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും. (ഡയറക്ടർ മുഖേന)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ് ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.